*കാവ് തീണ്ടലുകളും ലിമിറ്റിങ് ബിലീവ്സും.*

*****************************************************************

" ഭംഗി ഉള്ളത് കൊണ്ടാണ് ഇഷ്ടം തോന്നുന്നത് എന്ന് നീ വിശ്വസിക്കുന്നോ??

ഒരിക്കലും അല്ല...
ഇഷ്ടം തോന്നുന്നത് കൊണ്ടാണ് എനിക്കു നിന്നിൽ സൗന്ദര്യം കാണാൻ കഴിയുന്നത്."

എന്റെ മുഖത്തേക്ക് വീണ മുടിയിഴകൾ മനഃപൂർവമല്ലാത്ത രീതിയിൽ വിരലുകൾ കൊണ്ടു മാറ്റി കൊണ്ടു അവൻ പറയുമ്പോൾ തടി കൊണ്ടുള്ള മച്ചിന് താഴെ തേക്കിൽ തീർത്ത വലിയ അലമാരയിൽ ഉറപ്പിച്ച നിലക്കണ്ണാടി യുടെ മുന്നിൽ നിന്നു ചാഞ്ഞും ചെരിഞ്ഞുംഞാൻ എന്നെ തന്നെ വീക്ഷിക്കുകയാണ്.

ഞാനിപ്പോൾ എങ്ങനെയാണ്??
സ്പ്രിംഗ് പോലെ ഒരു പക്ഷേ അതിനേക്കാൾ ചുരുണ്ട മുടി മൂന്ന് മാസം കൂടുമ്പോൾ പാർലറിൽ പോയി സ്മൂത്ത് ചെയ്തു പട്ടുപോലെ മൃദുലമായി സൂക്ഷിക്കുന്നു.കൃത്യമായ ഇടവേളകളിൽ പുരികം ആകൃതി വരുത്തി മുഖം ബ്ലീച്ച് ചെയ്തും ഫേഷ്യൽ ചെയ്തും സംരക്ഷിക്കുന്നുണ്ട്.

നിര തെറ്റിയ പല്ലുകൾ വർഷങ്ങൾക്ക് മുൻപേ തന്നെ കമ്പികെട്ടി നിരയൊപ്പിച്ചു വച്ചിട്ടുണ്ട്. ലിപ്സ്റ്റിക്കും മസ്കാരയും ഇല്ലാതെ ഒരിക്കൽ പോലും എന്നെ കാണാൻ കഴിയില്ല..

ഒരിക്കൽ പോലും എനിക്ക് ചേരാത്ത ഷെയ്ഡ് ഉള്ള നിറങ്ങളിൽ ഞാൻ വസ്ത്രങ്ങൾ തിരഞ്ഞെടുക്കാറില്ല.
എങ്കിലും ഈ ഇരുണ്ട തൊലി എന്നെ എന്തുകൊണ്ടോ പലപ്പോഴും ചങ്ങലക്കെട്ടുകളിൽ ബന്ധനസ്ഥയാക്കുന്നു.

ചെറുപ്പം മുതൽ തന്നെ ചുരുണ്ട മുടിയും ഇരുണ്ട നിറവും നിരതെറ്റിയ പല്ലുകളുംചത്ത മീനിന്റെ പോലുള്ള കണ്ണുകളും പതിഞ്ഞ മൂക്കും എന്റെ അസ്ഥിത്വം തന്നെ ചോദ്യം ചെയ്തുകൊണ്ട് ആഫ്രിക്കക്കാരി എന്ന വിളിപ്പേര് ചാർത്തി തന്നു.

എന്തിനേറെ പറയുന്നു ?
കേരള മീഡിയ അക്കാദമി അവാർഡ് കഴിഞ്ഞ മാസം പ്രഖ്യാപിച്ചപ്പോൾ പോലും.. മധുരിമ കളരിക്കൽ എന്ന എന്റെ പേരിനെ മറികടന്നു നാട്ടിൽ അലയടിച്ച ചോദ്യം എനിക്ക് ഊഹിക്കാൻ കഴിയും..
"കളരിക്ക ലെ കൊച്ചിനോ ? അവാർഡോ ... ആ കറുത്ത കൊച്ചിനോ??
ആ നാടിനെ ഞാൻ അതു കൊണ്ടാണ് അങ്ങേയറ്റം വെറുത്തിരുന്നത്.

മധുരിമ എന്ന എന്റെ പേര് ഞാൻ പോലും മറന്നു തുടങ്ങിയ ഒരു കുട്ടിക്കാലം എനിക്ക് ഉണ്ടായിരുന്നു.
ആ വാർത്ത സോഷ്യൽ മീഡിയയിൽ വന്നപ്പോൾ കണ്ട പല കമെന്റുകളുംഅതു കൊണ്ടു തന്നെ എന്നെ അസ്വസ്ഥയാക്കിയില്ല.ഇതെല്ലാം കേട്ട് തീയിൽ കുരുത്ത പോലെ വളർന്ന ഞാൻ നട്ടുച്ചക്ക് വാടില്ല പിന്നല്ലേ ഈ ഇളവെയിൽ.

എന്നെ ഇപ്പോൾ അലോസരപ്പെടുത്തുന്നത് ഹരിയുടെ ഈ പ്രൊപോസൽ ആണ്.

അവന്റെ പ്രൊഫൈൽ എനിക്ക് കാണാപാഠം ആണ്. അവന്റെ ഉയരം 5 അടി പതിനൊന്നിഞ്ച്. നല്ല വെളുത്തനിറം.
എല്ലാം എനിക്ക് ബോധിച്ചു പക്ഷേ അവന്റെ ഈ വെളുത്ത നിറം എന്നിൽ ദഹിക്കാത്തൊരു ഇഞ്ചിക്കഷ്ണം പോലെ കിടക്കുന്നു.

നിന്റെ സൗന്ദര്യം എന്റെ കണ്ണിലാണ്..

നിന്റെ കണ്ണ് എവിടെയാണ്?? എന്റെ ജോലിയിലും എന്റെ ആസ്തിയിലും ആയിരിക്കും.ഞാൻ മുൻപ് പലരോടും എന്നെ പോലെ ഈ ഇരുപത്തി എട്ടാം വയസിൽ പോലെ അവനോടും വാദിക്കുന്നു.

അപ്പൊഴെല്ലാം മനസു നിൽക്കുന്നത്
കളരിയ്ക്കൽ കുടുംബം എന്ന എന്റെ വീട്ടിലാണ് അന്നും ഇന്നും പ്രതാപത്തിൽ തല ഉയർത്തി നിൽക്കുന്ന വീടിന്റെ അകത്തളത്തിൽ കൊത്ത് പണികളോടെ വീടിനേക്കാൾ പ്രതാപത്തിൽ നിൽക്കുന്ന തേക്കിൻ തടി കൊണ്ടുള്ള അലമാര.
നടുത്തളത്തിൽ വീഴുന്ന സൂര്യ പ്രകാശം മുറിയാകെ പ്രതിഫലിപ്പിച്ചു കൊണ്ടു ആറടി പൊക്കത്തിൽ അതിലെ കണ്ണാടി . പാദം മുതൽ ശിരസു വരെ ഓർമ വച്ച നാൾ മുതൽ എന്നെ കാണിച്ചു തന്ന എന്റെ കണ്ണാടി.

കുടുംബക്കാർ നിറം കുറവെന്നോ ഇരു നിറം എന്നോ പറയുമ്പോൾ നാട്ടുകാർ എന്നെ കറുത്തവൾ എന്നും കൂട്ടുകാർ കറുത്തമ്മ എന്നും വിളിച്ചു.ആദ്യമൊക്കെഅമർഷം തോന്നിയിരുന്നു.
."മുതുകിൽ തോണ്ടി ശല്യം ചെയ്യുന്നവനെ തിരിഞ്ഞു നോക്കിയിരുന്നാൽ മുന്നോട്ടുള്ള വഴി കാണാൻ പറ്റില്ല മധൂ" എന്ന അച്ഛന്റെ ഒറ്റ വാക്കിൽ ഞാൻ ഉയിർത്തെഴുന്നേറ്റു.
അതുകൊണ്ടു തന്നെ ആദ്യമായി പ്രണയാഭ്യർത്ഥന നടത്തിയവനെ തിരസ്കരിച്ചപ്പോൾ കരിങ്കുരങ്ങ് എന്നും ഉറ്റ സുഹൃത്തുക്കൾ കാക്കത്തമ്പുരാട്ടി എന്നും കോളേജിൽ സീനിയേഴ്സ് കറുത്തമ്മ എന്ന് വിളിച്ചതും ഒരേ വികാരത്തോടെ ഉൾക്കൊള്ളാൻ എനിക്ക് കഴിഞ്ഞിരുന്നു.

.അന്ന് മുതലാണ് എന്നിലെ അപമാനം എന്നത് ഒരു ഉർവരതയാണ് എന്ന് ഞാൻ അറിഞ്ഞത് അതിൽ കിളിർത്തു വരുന്ന വിത്തുകൾ എപ്പോഴും വിജയത്തിന്റെതായിരുന്നു.കറുത്ത പെണ്ണേ കരിങ്കുഴലി..
തുടങ്ങി "കറുപ്പിനഴക് ഓ.. ഓ.."എന്ന വൈവിധ്യമാർന്ന ഗാനശ്രേണികൾ ഞാൻ പോകുന്ന ഇടങ്ങളിൽ എല്ലാം തന്നെ എനിക്ക് പാശ്ചാത്തല സംഗീതമൊരുക്കി. ഞാനതൊന്നും വകവച്ചിട്ടില്ല.

ബോഡി ഷെമിങ് അനുവദിക്കില്ല എന്നാ എന്റെ തീരുമാനം പലവട്ടം ഞാൻ സോഷ്യൽ മീഡിയയിൽ പങ്കു വച്ചിട്ടുണ്ട്. അതിനൊക്കെ നല്ല പ്രതികരണം ലഭിച്ചിട്ടുണ്ട്. ഇങ്ങനെയൊക്കെ ആണെങ്കിലും നീന എന്ന എച്ച് ആർ മാനേജർ ഇടയ്ക്കിടെ നടത്തുന്ന റിക്രൂട്ട്മെന്റുകളിൽ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുന്ന പേരുകൾ എനിക്ക് മുന്നിൽ എത്തിയാൽ അതിൽ നിന്നും ഇരുണ്ട നിറക്കാരെ ഞാൻ ഒഴിവാക്കാറാണ് പതിവ്
കാണാൻ ഭംഗിയുള്ള വെളുത്തആകർഷണീയരൂപത്തിന്റെ ഉടമകളെ തിരഞ്ഞെടുക്കുമ്പോൾ അതിനെ പറ്റി ചോദ്യം ചെയ്യലുകൾ ഒഴിവാക്കാൻ വേണ്ടി
"എന്റെ നിലപാടുകൾക്ക് മേലെ ചാനലിന്റെ നിലനിൽപ് ആണ് പ്രധാനം" എന്ന ആപ്ത വാക്യം മുന്നോട്ട് വയ്ക്കും.
.ഞാൻ കറുത്ത നിറക്കാരി ആണെങ്കിൽ പോലും മറ്റുള്ള കറുത്ത നിറക്കാരെ ഇഷ്ടപ്പെടാനോ അംഗീകരിക്കാനോ എനിക്ക് അന്നും കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം.എന്നെപോലും അംഗീകരിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ടോ എന്നുള്ളത് ഇന്നും എന്നിൽ അവശേഷിക്കുന്ന ചോദ്യമാണ്.
അതിനിടയ്ക്കാണ് ശ്രീഹരി ഇങ്ങനെ കല്ലുകടിയായി നിൽക്കുന്നത്

“നിന്റെ ഉള്ളിൽ നീയറിയാതെ ഉള്ള അല്ലെങ്കിൽ നീ സമ്മതിച്ച തരാത്ത ഒരു അപകർഷതാ ബോധം ഉണ്ട്. അല്ലെങ്കിൽ ഒരു ലിമിറ്റിംഗ് ബിലീവ് .....
ഉപാധികൾ ഇല്ലാതെ കറുത്തവരെ സ്നേഹിക്കാനോ വിവാഹം കഴിക്കാനോ വെളുത്തവർക്ക് കഴിയില്ല. വിവാഹം കഴിച്ചാൽ അവരെല്ലാം പുതിയ മേച്ചിൽപുറങ്ങൾ തേടി പോകും എന്ന്.

അങ്ങനൊന്നും ഇല്ലാ മധൂ.”

അവൻ പറയുന്ന ജല്പനങ്ങൾ കേൾക്കുമ്പോൾ എന്റെ മനസു വീണ്ടും നിലക്കണ്ണാടിയുടെ മുന്നിൽ ചെന്ന് നിന്നു.

സാമൂഹ്യ സേവനം കൂടി ലക്ഷ്യമാക്കി അരമണിക്കൂർ നടന്നു ബസ് നിർത്തുന്നിടത്ത് എത്താൻ വേണ്ടി സ്വന്തം താല്പര്യത്തിൽ ചെറിയ വാൻ സർവീസ് നാട്ടുകാർക്ക്തുടങ്ങിയ ആളാണ് എന്റെ വല്യച്ഛൻ
അരിപൊടിപ്പിക്കാനും മുളകും മല്ലിയും ഒക്കെ പൊടിപ്പിക്കാനും മൂന്ന് കിലോമീറ്റർ അപ്പുറത്തുള്ള മില്ലിൽ പോകുന്ന നാട്ടുകാരെ കണ്ടതും കളരിക്കൽ അച്യുതൻ എന്ന എന്റെ വല്യച്ഛൻ ഒരു മില്ല് തുടങ്ങി.കോയമ്പത്തൂർ നിന്നും വലിയ ആഘോഷമായി യന്ത്രങ്ങൾ വന്നതുംആ ഓണക്കാലത്ത് നാട്ടുകാരെല്ലാം അച്ചപ്പവും ആലങ്ങയും ഉണ്ടാക്കിയതും എല്ലാം ഇന്നലത്തെ പോലെ ആ കണ്ണാടിയിൽ എനിക്ക് കാണാം.

ഛായമുഖിക്ക പകരം അവളെ ഞാൻ സൂര്യമുഖി എന്ന് വിളിച്ചിരുന്നു. സൂര്യ പ്രകാശം മാത്രം വാരി വിതറാൻ കഴിവുള്ള അവൾക്കു മറ്റെന്തു പേരാണ് ഞാൻ നൽകുക??

വൈകുന്നേരം ട്യൂഷൻ കഴിഞ്ഞു സിനിമ കാണാൻ ഉള്ള വെപ്രാളത്തിൽ പലപ്പോഴും മില്ലിൽ പൊടിക്കാൻ കൊടുത്ത മുളകോ മഞ്ഞളോ ഒക്കെ എന്നോട് എടുത്തിട്ട് വരണം എന്ന് പറയാറുണ്ട്.

അങ്ങനൊന്നും ഇല്ലാ മധൂ.

അവൻ പറയുന്ന ജല്പനങ്ങൾ കേൾക്കുമ്പോൾ എന്റെ മനസു വീണ്ടും നിലക്കണ്ണാടിയുടെ മുന്നിൽ ചെന്ന് നിന്നു. എനിക്കതിൽ” കളരിയ്ക്കൽ റൈസ് മിൽസ്ന്റെ’ പുറകിലെ മുറി വ്യക്തമായി കാണാം.

വല്യച്ഛന്റെ രണ്ടാമത്തെ മകൻ, എന്റെ ഏട്ടൻ ഹോസ്റ്റലിൽ നിന്നു വരുന്ന ഞായറാഴ്ചകളിൽ മില്ലിന്റെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കാറുണ്ട്.

വൈകുന്നേരം ട്യൂഷൻ കഴിഞ്ഞു പലപ്പോഴും മില്ലിൽ പൊടിക്കാൻ കൊടുത്ത മുളകോ മഞ്ഞളോ ഒക്കെ എന്നോട് എടുത്തിട്ട് വരണം എന്ന് പറയാറുണ്ട്.സിനിമ കാണാൻ ഉള്ള തിടുക്കം കാരണം ഞാൻ തന്നെ ചേട്ടനോട് പൊടികൾ വാതിൽക്കൽ വച്ചേക്കാൻ പറയാറുണ്ട്.

അന്നൊരു ഞായറാഴ്ച ആയിരുന്നു. രാവിലെ പത്രത്തിൽ വൈകുന്നേരം നാലുമണിക്ക് “ദൈവത്തിന്റെ വികൃതികൾ”

 എന്ന ചലച്ചിത്രം ആണെന്ന് കണ്ടതും അതുൾക്കൊള്ളാൻ നാലാം ക്ലാസുകാരിക്ക് പറ്റില്ല എന്ന ബോധം ഉള്ളത് കൊണ്ടും ഞാൻ ഉദാസീനമനോഭാവത്തോടെയാണ് പൊടിപ്പിക്കാൻ കൊടുത്ത മഞ്ഞൾ എടുക്കാൻ മില്ലിൽ എത്തിയത്.

പൊടി ളുക്കുപാത്രത്തിലാക്കി  പുറത്ത് വരാന്തയിൽ വച്ചിട്ടുണ്ട്. ആരെയും കാണാത്തത് കൊണ്ട് അകത്തേക്ക് ചെല്ലുമ്പോൾ പിറകിലുള്ള മുറിയിലെ ഇരുളിൽ നാല് കാലുകൾ. വെളുത്ത രോമം നിറഞ്ഞ കാലിന്റെ ഉടമസ്ഥനെ എനിക്ക് തിരിച്ചറിയാൻ പ്രയാസം ഉണ്ടായില്ല. ആ കാലുകൾ കൊരുത്ത് പിടിച്ച കറുത്ത കാലുകൾ.....
ഒന്ന് കൂടി അടുത്തേക്ക് നിശബ്ദം ഞാൻ എത്തി നോക്കി പൂർണ നഗ്നമായ പിൻ ഭാഗത്തോടെ എന്റെ ഏട്ടനും വല്ലാത്ത ശബ്ദം ഉണ്ടാക്കികൊണ്ട് പുറം പണിക്ക് ഞങ്ങടെ വീട്ടിൽ വരുന്ന സുമതിയമ്മയുടെ ഇളയ മകൾ സുജയും.
കറുകറുത്ത തടിച്ച ദേഹം ഉള്ള സുജ പത്തിൽ തോറ്റത് കാരണം തയ്യൽ പഠിക്കാൻ പോകുന്നു.
 ഒഴിവു സമയങ്ങളിൽ പശുവിനെ കുളിപ്പിക്കുക, തൊടിയിലെ പുല്ല് അറുത്ത് പശുവിനു കൊടുക്കുക തുടങ്ങിയ ജോലികൾ ചെയ്യാറുണ്ട്.
ജാതിയിൽ താഴ്ന്നതായത് കൊണ്ട് സുജയുടെ കറുപ്പ് അനുവദനീയം ആണ്. അവളെ ആരും നിറത്തിന്റെ പേരിൽ കളിയാക്കുന്നത് കണ്ടിട്ടില്ല. അവൾക്കു ആ നിറത്തിൽ  വിഷമം ഉണ്ടെന്നും തോന്നിയിട്ടില്ല.

കാലിലൂടെ ഒരു പ്രത്യേകതരം തരിപ്പ് എന്റെ തല വരെ അരിച്ചു കയറി.
ഒരു തരം താളത്തിൽ ചുറ്റുപാടുകൾ മറന്നുള്ള ആ പുതിയ കളി കൊള്ളാം. എന്നാലും എന്ത് വൃത്തികെട്ട ശരീരമാണ് അവൾക്കുള്ളത്.
വലിയ  കൊപ്ര പോലെ ഉള്ള മാറിടത്തിൽ  അമർത്തി പിടിച്ച വെളുത്ത കൈകൾ മാനസിൽ നിന്നും മാഞ്ഞില്ല.പിറ്റേന്ന് രാവിലെ ഏട്ടൻ തിരികെ പോയി. സുജ ഒന്നുമറിയാത്ത പോലെ ഇടയ്ക്കൊക്കെ വന്നുപോയി.

ഏട്ടൻ വരുന്ന ഞായറാഴ്ചകൾ ഞാൻ കാത്തിരുന്നു തുടങ്ങി ജനൽപാളികൾക്കിടയിൽ മറഞ്ഞു നിന്ന് വ്യക്തമായി ഞാൻ അവരെ വീക്ഷിച്ചു.പതിവ് തെറ്റാതെ കറുത്ത ദേഹത്തു അരിപ്പൊടിയും മഞ്ഞൾപൊടിയും ദേഹത്ത് പുരണ്ടു കളത്തിൽ ഇഴയുന്ന  കരിനാഗത്തെ  പോലെ അവളുടെ കാവ് തീണ്ടൽ ഒട്ടുമിക്ക ഞായറാഴ്ചകളിലും തുടർന്നു.
മറ്റുള്ളവർ നീലപൂക്കൾ ഉള്ള പാവാടയിലും വെള്ള ഉടുപ്പിലും മറ്റു ചിലപ്പോ ചുവന്നതിൽ കറുത്ത പുള്ളികൾ ഉള്ള പാവാടയിലും ചുവന്ന ഉടുപ്പിലും സുജയെ കാണുമ്പോഴും എന്റെ മനസിൽ  ക്ഷേത്ര കവാടത്തിൽ കരിങ്കല്ല് കൊണ്ടു നിർമിച്ച വലിയ മുലകൾ ഉള്ളദ്വാരപാലിക രൂപത്തെ ഓർമ വരും.
കൈകൾ ഏട്ടന്റെ അരക്കെട്ടിൽ ചുറ്റിപ്പിണഞ്ഞു കിടന്നവളുടെ വിയർപ്പു പൊടിഞ്ഞ നെറ്റിത്തടം എന്നിൽ തികട്ടൽ ഉണ്ടാക്കി.

ജനാലപാളിയുടെ പിറകിൽ ഒളിച്ചു നിന്നു അകത്തേക്ക് നോക്കുന്ന എന്നെ ആന്ദോളനത്തിനിടയിൽ സുജ കണ്ടിരിക്കണം.

പിറ്റേന്ന്  സ്കൂളിൽ നിന്നു പോരുമ്പോൾ  ഇടവഴിയിൽ എന്നെ കാത്തു നിൽപുണ്ടാരുന്നു സുജ.

കണ്ട പാടെ ഒറ്റ ചോദ്യം "".....ആരോടേലും പറയുവോ?? "

"ഇല്ലാ "...

ദേവ്യാണ സത്യം?? അവൾ കൈ നീട്ടി.

""ഇല്ലാ.. പറയില്ല ദേവ്യാണ സത്യം..." അവളുടെ കൈ തൊടാൻ അറച്ച ഞാൻ പറഞ്ഞു.

"ആരോടേലും പറഞ്ഞാൽ ഞാൻ ചാവും..."
അതും പറഞ്ഞു അവൾ ഓടിപോയി.

ഞാൻ ആരോടും പറഞ്ഞില്ല. പക്ഷേ മൂന്ന ദിവസം കഴിഞ്ഞു സുജ എന്നെ കാണാൻ ഇടവഴിയിൽ കാത്തു നിന്നു.

“നീയും പെണ്ണല്ലേ??
നീയും കറുപ്പല്ലേ??”

“ഒരിയ്ക്കൽ നിന്റെ കറുത്ത തൊലിക്കുള്ളിലും മാംസം വരും. അന്ന്
കളരിയ്ക്കല്ലാര് കരയും. എന്റെ ശാപം ആണ്.നോക്കിക്കോ.”
ക്ഷേത്ര വാതിൽക്കൽ കാവൽനിക്കുന്ന കരിങ്കൽ പ്രതിമ മുടിയഴിച്ച മാറുലച്ച നാവു പുറത്തിട്ടു എന്റെ മുന്നിൽ കലിതുള്ളി.

പിറ്റേന്ന് രാവിലെ
വീടിന്റെ പിറകിലെ പറങ്കിമാവിൻ കൊമ്പിൽ  സുജ തൂങ്ങിയാടി.

എനിക്ക് പനിച്ചു.
പേടിച്ച പിച്ചും പേയും വിളിച്ച പറഞ്ഞു. എന്താണ സംഭവിച്ചതെന്നോ എന്തിന സുജ അതു ചെയ്തെന്നൊ ആർക്കും അറിയില്ല. എന്റെ ഏട്ടന് ഒട്ടും അറിയില്ല.

ഞായറാഴ്ചകൾ പലതും കടന്നു പോയി. കാലം കടക്കും തോറും എന്റെ കറുത്ത തൊലിയിൽമാംസം വന്നു. ഒപ്പം മില്ലിന്റെ പുറകു വശത്തെ മുറിയിലെ കാവുതീണ്ടലുകൾ..
സീൽക്കാരങ്ങൾ....
നാവു നീട്ടി എനിക്ക് നേരെ വരുന്ന കല്ലുകൊണ്ടുള്ള ദ്വാരപാലിക...

“കളരിയ്ക്കൽ വീട് കരയും.. ദേവ്യാണെ സത്യം.”

നിലക്കണ്ണാടിയിൽ സൂര്യപ്രകാശം മങ്ങി.
സത്യം മാത്രം സമൂഹത്തെ ബോധിപ്പിക്കാൻ ബാധ്യസ്ഥയായ മാധ്യമപ്രവർത്തകയാക്കി കാലം എന്നെ മാറ്റി യത് വിരോധാഭാസം.
സത്യങ്ങൾ പലതും തൊട്ടും തൊടാതെയും വിളിച്ച പറയുമ്പോൾ ഉള്ളിലൊരു കരിപുരണ്ട സത്യം കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലമായി ഉള്ളിലൊരു പറങ്കിമാവിൻ കൊമ്പിൽ പൊട്ടിയൊഴുകാൻ വെമ്പുന്ന അണക്കെട്ട് പോലെ എന്റെ ചിന്തകൾക്ക് മേൽ പ്രക്ഷോഭം സൃഷ്ടിച്ച കൊണ്ടു തൂങ്ങിയാടുന്നു.

കളരിയ്ക്കൽ കുടുംബത്തിന് ശാപം കിട്ടിയില്ല. അന്നും ഇന്നുംപ്രതാപത്തോടെ  തലയുയർത്തി നിൽക്കുന്നു.

ഡോ. വിനീത് കളരിയ്ക്കൽ. എം. ഡി.

എന്നൊരു ബോർഡ് വച്ച പ്രതാപത്തെ ഒന്ന് കൂടി  ഉയർത്തിയ ഏട്ടനും.
മകൾ മരിച്ച കാരണം അറിയാതെ ഇന്നും ചക്ക വെട്ടിപിളർന്നു ചുള വേർതിരിച്ചും മരച്ചീനി തോല് പൊളിച്ചും മുളകും മല്ലിയും ഗോതമ്പും കൊപ്ര അരിഞ്ഞതും ഉണക്കാനിട്ടും  സുമതിയമ്മയും എന്റെ മനസ്സിൽ നടത്തുന്ന പാലാഴി മഥനത്തിൽ എന്തുകൊണ്ടോ എല്ലായ്‌പോഴും കാളകൂടം മാത്രമേ പുറന്തള്ളപ്പെടാറുള്ളൂ.

നിലക്കണ്ണാടിയിൽ ഇപ്പോൾ തെളിഞ്ഞു കാണുന്നത്  മുകളിലേക്കും താഴേക്കും ചലിക്കുന്ന സുജയുടെ കറുത്ത കാലുകൾ ആണ്. എനിക്ക് അറപ്പു തോന്നി.

"ഞാൻ ആരോടും പറയില്ല.
ദേവിയാണേ സത്യം. അറിയാതെ പിറുപിറുത്തു പോയി."

'സീ..ഞാൻ സീരിയസ് ആണ്. വീട്ടിൽ സംസാരിച്ചിട്ടുണ്ട്.ഏതെങ്കിലും ഒരു ഞായറാഴ്ച അവരെല്ലാം വീട്ടിലേക്ക വരാനും തയ്യാറാണ്.പറഞ്ഞില്ലേ നിന്റെ ലിമിറ്റിങ് ബിലീവ്സ് ഞാൻ മാറ്റി തരാം."

എനിക്ക് തല പുകഞ്ഞു.
പലർക്കും എന്റെ അഹങ്കാരം അല്ലെങ്കിൽ കോംപ്ലക്സ് അല്ലെങ്കിൽ ഈഗോ അതും അല്ലെങ്കിൽ ഈ പറഞ്ഞ പുതിയ ഐറ്റം..
ലിമിറ്റിംഗ് ബീലീവ്.

എനിക്കതിന് ഒറ്റ വാക്ക് പണിക്കാരി പെണ്ണിന്റെ ശാപം.
ഇതിൽ എന്റെ തെറ്റ് എന്താണ് എന്ന് എനിക്ക് ഇന്നും അറിയില്ല. തെറ്റു ചെയ്തവർക്ക് തെല്ലും കുറ്റബോധം ഉണ്ടോ എന്നും അറിയില്ല.

പക്ഷേ കാലം കാത്തു വച്ച കാവ്യനീതി പോലെ എന്റെ ജോലിയോട് നീതിപുലർത്താൻ കഴിഞ്ഞിട്ടില്ല. സത്യം മൂടിവയ്ക്കുന്നത് നീതി നിഷേധിക്കുന്നത് പോലെയാണ്.
പക്ഷേ എനിക്ക് വലുത് എന്റെ കുടുംബം ആണ്. അതിന്റെ പാരമ്പര്യം ആണ്. ഒരു പക്ഷേ നാളെ എന്റെ ജീവിതത്തിൽ കടന്നു വരുന്ന ഒരാളോട് ഞാനിതു പറഞ്ഞാലോ എന്ന ഭയം എന്നിൽ നിറയുന്നു.

ദ്രൗപതിയും ഹിടുംബിയും കറുത്തവരായിരുന്നു. സ്ത്രീകൾ ആയിരുന്നു.
ഭീമൻ മരിക്കുമ്പോഴും പ്രണയിച്ചത് ദ്രുപതപുത്രിയെ ആയിരുന്നു. അവളുടെ കറുപ്പിനെ ആയിരുന്നു. ഛായമുഖി കാണിച്ചത് അങ്ങനെ ആയിരുന്നു.എന്റെ സൂര്യ മുഖിയും.

****************************